വിൽപ്പനയും സ്റ്റോക്കിന്റെ സ്ഥിതിയും എങ്ങനെയാണെന്ന് ഇനി നോക്കാം.

പുതിയ മോഡലായതുകൊണ്ട് ആദ്യത്തെ ആഴ്ചയുടെ തുടക്കത്തിൽ റീട്ടെയ്ലറുടെ പക്കലുള്ള സ്റ്റോക്ക് 0 ആണ്. ഡിസ്ട്രിബ്യൂട്ടർ പുതിയ ഉൽപ്പന്നം പരിചയപ്പെടുത്തുമ്പോൾ കടയുടമയ്ക്ക് ഇഷ്ടപ്പെടുന്നതുകൊണ്ട് 10 സെറ്റുകൾ ഓർഡർ ചെയ്യുന്നു. ഡിസ്ട്രിബ്യൂട്ടർ എത്തിക്കുന്നത് മുന്ന് കാറ്റഗറിയിലും പത്ത് സെറ്റുകൾ വീതം ആകെ 30 ജോഡി ചെരുപ്പുകളാണ്. ആദ്യത്തെ ആഴ്ചയിലെ വിൽപ്പന നോക്കുക. സ്റ്റോക്ക് ആവശ്യത്തിനുള്ളതുകൊണ്ട് ഡിമാന്റ് അനുസരിച്ച് വിൽപ്പന നടക്കുന്നു. സ്റ്റോ മുവിംഗ് ചെരുപ്പുകൾ ഒരു ജോഡിയും മീഡിയം നാലും ഫാസ്റ്റ് മുവിംഗ് പത്തും വിറ്റുപോകുന്നു. സ്റ്റോക്കിൽ ബാക്കിയുള്ളത്, സ്റ്റോ –9, മീഡിയം –6, ഫാസ്റ്റ് –0. ആദ്യത്തെ ആഴ്ചയുടെ അവസാനം ഡിസ്ട്രിബ്യൂട്ടർ എത്തുമ്പോൾ കടയുടമയുടെ ആവശ്യം 10 ജോഡി ഫാസ്റ്റ് മുവിംഗ് ചെരുപ്പുകളാണ്. പക്ഷേ, അത് സാധ്യമല്ല എന്ന് ഡിസ്ട്രിബ്യൂട്ടർ. മറ്റ് രണ്ട് വിഭാഗത്തിലും പെട്ട ചെരുപ്പുകളും 10 ജോഡി വീതം വാങ്ങിയേ പറ്റൂ. പക്ഷേ, ആദ്യത്തെ സ്റ്റോക്കിലെ 30 ജോഡിയിൽ 15 ജോഡി ഇപ്പോഴും ബാക്കിയുള്ളതുകൊണ്ട് റീട്ടയ്ൽ ഓർഡർ കൊടുക്കുന്നില്ല.

രണ്ടാമത്തെ ആഴ്ചയിലെ വിൽപ്പന എങ്ങനെയുണ്ടെന്ന് നോക്കാം. സ്റ്റോ മുവിംഗ് –1, മീഡിയം –4, ഫാസ്റ്റ് –0. ഫാസ്റ്റ് മുവിംഗ് ചെരുപ്പുകളുടെ സ്റ്റോക്ക് ഇല്ലാത്തതുകൊണ്ട് ആകെയുള്ള വിൽപ്പന 5 ജോഡി സ്റ്റോ മുവിംഗ് ചെരുപ്പുകളും രണ്ട് ജോഡി മീഡിയം മുവിംഗ് ചെരുപ്പുകളും. ഇത്തവണ ഡിസ്ട്രിബ്യൂട്ടർ എത്തുമ്പോൾ റീട്ടയ്ലർ ആശയക്കുഴപ്പത്തിലാണ്. ഫാസ്റ്റ് മുവിംഗ് ചെരുപ്പുകൾ ഒന്നും സ്റ്റോക്കില്ലാത്തതുകൊണ്ട് അവയുടെ വിൽപ്പന നടക്കുന്നില്ല. മീഡിയം ഇനി ബാക്കിയുള്ളത് രണ്ട് ജോഡി മാത്രം. ഒരാഴ്ച ആവശ്യമുള്ളത് നാല് ജോഡി മീഡിയം ചെരുപ്പുകളുമാണ്. ആദ്യത്തെ സ്റ്റോക്കിൽ 10 ജോഡി ഇപ്പോഴും ബാക്കിയുണ്ടെങ്കിലും (8 സ്റ്റോ, 2 മീഡിയം) വീണ്ടും 30 ജോഡി ഓർഡർ ചെയ്യാൻ അമ്മാൾ നിർബന്ധിതനാകുകയാണ് – എല്ലാ കാറ്റഗറിയിലും 10 ജോഡി വീതം. അങ്ങനെ മുന്നാമത്തെ ആഴ്ചയുടെ തുടക്കത്തിൽ കടയിലെ സ്റ്റോക്ക് ഇങ്ങനെയാണ്. സ്റ്റോ –18, മീഡിയം –12, ഫാസ്റ്റ് –10. ആകെ 40 ജോഡി ചെരുപ്പുകൾ. ആദ്യത്തെ സ്റ്റോക്കായ 30 ജോഡിയിൽ നിന്ന് 40 ജോഡിയിലേക്ക് എത്തുമ്പോൾ സ്റ്റോ മുവിംഗ് ചെരുപ്പുകളുടെ അനുപാതവും കൂടുകയാണ്. ആകെയുള്ള സ്റ്റോക്കിന്റെ മാത്രം. സ്റ്റോക്കിൽ ബാക്കിയുള്ളത് എട്ട് ജോഡി മീഡിയം മുവിംഗ് 8 ജോഡിയും സ്റ്റോക്കുണ്ട്. വീണ്ടും 10 സെറ്റുകൾ വീതം ഓർഡർ ചെയ്യാൻ റീട്ടയ്ലർ മടിക്കുന്നതുകൊണ്ട് ഫാസ്റ്റ് മുവിംഗ് ചെരുപ്പുകൾ ഒന്നും ഇത്തവണ കടയിലുണ്ടാകില്ല. ഈയാഴ്ചയും അതുകൊണ്ട് വിൽപ്പന അഞ്ച് ജോഡി മാത്രം. കടയിൽ ബാക്കിയുള്ളത് 16 ജോഡി സ്റ്റോ മുവിംഗ് ചെരുപ്പുകളും. നാല് ജോഡി മീഡിയം മുവിംഗും. നാല് ആഴ്ചയുടെ ലൈഫ് ടൈം അവസാനിക്കുമ്പോൾ റീട്ടയ്ലറുടെ ഡെഡ് സ്റ്റോക്ക് 20 ജോഡി, അതിൽ പത്തിനാറും സ്റ്റോ മുവിംഗ് ചെരുപ്പുകൾ. അതായത് 80 ശതമാനം സ്റ്റോ മുവിംഗും 20 ശതമാനം മീഡിയം മുവിംഗും. ഒട്ടും ഗുണകരമായ ഒരു ബിസിനസ് സാഹചര്യമല്ല ഇത്.

ഒരു മാസം ആകെ വിറ്റഴിഞ്ഞ 40 ജോഡികളിൽ സ്റ്റോ മുവിംഗ് നാലും മീഡിയം 16ും ഫാസ്റ്റ് 20ും. ആവശ്യത്തിന് സ്റ്റോക്കുണ്ടായിരുന്നെങ്കിൽ 40 എന്നത് 60 ആകുമായിരുന്നു. അപ്പോൾ പ്രശ്നം ചെരുതല്ല – നഷ്ടമായ സെയ്ൽസും അധിക ഡെഡ് സ്റ്റോക്കും.

ഇനി വ്യത്യസ്തമായ മറ്റൊരു ഓഫർ അവതരിപ്പിച്ചാൽ വിൽപ്പനയിലുണ്ടാകുന്ന മാറ്റം എന്താണെന്ന് നോക്കാം. അന്ത് അടുത്ത ലക്കത്തിൽ *(തുടരും)*

Table 3 – Shop Sales/Stock Pattern – Set System

Week	Item	Size Slow	Size Medium	Size Fast	Total
Week 1	Stock	0+10=10	0+10=10	0+10=10	0+30=30
	Sales	1	4	10	15
Week 2	Stock	9	6	0	15
	Sales	1	4	0	5
Week 3	Stock	8+10=18	2+10=12	0+10=10	10+30=40
	Sales	1	4	10	15
Week 4	Stock	17	8	0	25
	Sales	1	4	0	5
End Period	Stock	16	4	0	20
Total Period	Sales	4	16	20	40

ആവശ്യമുള്ള ഉൽപ്പന്നം വേണ്ടത്ര നൽകാനാവാതിരിക്കുകയും അത്ര വിൽപ്പനയില്ലാത്ത ഉൽപ്പന്നം ആവശ്യത്തിലേറെ സ്റ്റോക്കിൽ വരുകയും ചെയ്യുന്ന ബിസിനസ് സാഹചര്യം ഗുണകരമല്ല